(സി) വിദേശത്ത് മരണപ്പെട്ട പ്രവാസികളുടെ കുടുംബങ്ങൾക്കുള്ള സാന്ത്വന പദ്ധതിയിൻ കിഴിൽ 1580 കുടുംബങ്ങൾക്കും കാരുണ്യപദ്ധതിയിൻ കീഴിൽ 35 കുടുംബങ്ങൾക്കും ചെയർമാൻ ഫണ്ടിൽനിന്നും 713 കുടുംബങ്ങൾക്കും കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ ധനസഹായം നൽകിയിട്ടുണ്ട്.

പ്രവാസി മലയാളികൾ

77 (2710) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികൾ 2014-15 സാമ്പത്തിക വർഷം കേരളത്തിലേക്ക് അയച്ച ശരാശരി തുക എത്ര കോടി രൂപയാണെന്നാണ് നോർക്ക വിലയിരുത്തിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ബി) നോർക്കയുടെ കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ പ്രവാസി മലയാളികൾ ജോലി നോക്കുന്നത് എവിടെയാണ് ; വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പ്രവാസികളുള്ള ജില്ലയും താലൂക്കും ഏതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ബാങ്കുകളിൽ 2014-15 സാമ്പത്തിക വർഷം 109603 കോടി രൂപ പ്രവാസി നിക്ഷേപമുള്ളതായാണ് സംസ്ഥാനതല ബാങ്കേഴ്സ് സമിതി (എസ്.എൽ.ബി.സി.) കണക്കാക്കിയിട്ടുള്ളത്.

(ബി) പ്രവാസി മലയാളി സെൻസസ് 2013 റിപ്പോർട്ടിലെ വിവരമനുസരിച്ച് ഏറ്റവും കൂടുതൽ പ്രവാസി മലയാളികൾ യു.എ.ഇ.യിലാണ് ജോലി ചെയ്യുന്നത്. (507087).

(സി) ഏറ്റവും കൂടുതൽ പ്രവാസികളുള്ള ജില്ല മലപ്പുറം. താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

പ്രവാസി മലയാളികളുടെ പുനരധിവാസം

78 (2711) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികളുടെ പുനരധിവാസത്തിനായി 2014-15-ലെ ബഡ്ജറ്റിൽ ഒരു പാക്കേജ് പ്രഖ്യാപിച്ചിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പാക്കേജിന് കീഴിൽ നിരത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(സി) ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾക്ക് എന്ത് തുക ചെലവഴിച്ചു ?

ഉത്തരം

(എ) പ്രവാസി മലയാളികളുടെ പുനരധിവാസത്തിനായി 2014-15 ലെ ബഡ്ജറ്റിൽ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടില്ല. എങ്കിലും 2012-13, 2013-14 എന്നീ വർഷങ്ങളിൽ നടപ്പാക്കിവരുന്ന നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിക്ക് 2014-15-ലെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിരുന്നു.

(ബി&സി) വിദേശത്ത് ജോലിചെയ്ത് മടങ്ങിവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് നാട്ടിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപവരെ മൂലധനച്ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും ആദ്യത്തെ നാലുവർഷം 3 ശതമാനം പലിശ ഇളവും അനുവദിക്കുന്നതാണ് പദ്ധതി. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. നോർക്ക റൂട്ട്സും കാനറാ ബാങ്ക്, യൂണിയൻ ബാങ്ക് എന്നിവരുമായി ഒപ്പുവച്ചിട്ടുള്ള ധാരണാപത്രം പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായാണ് ഉപഭോക്താവിന് ലോൺ അനുവദിക്കുന്നത്. നോർക്ക റൂട്ട്സ് ആണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്. നോർക്ക റൂട്ട്സിലെയും ബാങ്കുകളുടെ പ്രതിനിധികളുടെയും/ ഉദ്യോഗസ്ഥരടങ്ങിയ സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി അപേക്ഷകരുടെ രേഖകൾ പരിശോധിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ലോണിനായി ഗുണഭോക്താക്കളുടെ സമീപത്തുള്ള ബാങ്കിലേക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്നു. ബാങ്ക് നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത പ്രോജക്ടുകളുടെ ഫീസിബിലിറ്റി പരിശോധിച്ച് ബാങ്കുകൾ ലോൺ വിതരണം ചെയ്യുന്നു. വായ്പയ്ക്കായി അപേക്ഷിച്ച 19690 അപേക്ഷകരെയും സ്ക്രീനിംഗിന് വിളിക്കുകയും അതിൽ ഹാജരായ 7218 അപേക്ഷകരിൽ 6766 പേരെ വായ്പയ്ക്കർഹരായി കണ്ടെത്തുകയും ബാങ്കിന്റെ നിബന്ധനയ്ക്ക് വിധേയമായി ലോൺ അനുവദിക്കാൻ ബാങ്കിലേക്ക് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. സബ്സിഡി ആനുകൂല്യത്തിന് അർഹരായിട്ടുള്ള 791 പേർക്ക് 6.82 കോടി രൂപ സബ്സിഡി ഇനത്തിൽ ബാങ്കുകളിലേക്ക് മാറ്റി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly